# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.3027

07/02/2018-ലെ
മറുപടിക്ക്

## ഫുൾടൈം ബെനിഫിറ്റ് ലാംഗ്വേജ് ടീച്ചർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഫുൾടൈം ലാംഗ്വേജ് ടീച്ചർ തസ്തികയിൽ നേരിട്ട് നിയമനം ലഭിക്കുന്ന അദ്ധ്യാപകർക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ പാർട്ട്ടൈം ലാംഗ്വേജ് ടീച്ചർ തസ്തികയിൽ നിന്നും ഫുൾടൈം ബെനിഫിറ്റ് ലാംഗ്വേജ് ടീച്ചർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച് എത്തുന്ന അദ്ധ്യാപകർക്ക് നിഷേധിക്കുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ; | (എ) 02/05/1973 ലെ ജി.ഒ(എം.എസ്) നം. 62/73 ലെ സർക്കാർ ഉത്തരവ് പ്രകാരം ഫുൾടൈം ബെനിഫിറ്റ് ലഭിക്കുന്ന പാർട്ട്ടൈം ഭാഷാധ്യാപകർക്ക് മറ്റു ഫുൾടൈം അധ്യാപകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. എന്നാൽ ഇവരുടെ പി.എഫ് അംഗത്വം മാത്രമാണ് ഇപ്പോൾ അനുവദിക്കാതെയുള്ളത്. |
| (ബി) ഫുൾടൈം ലാംഗ്വേജ് ടീച്ചർ തസ്തികയും ഫുൾടൈം ബെനിഫിറ്റ് ലാംഗ്വേജ് ടീച്ചർ തസ്തികയും തുല്യമാണോ; | (ബി) ഫുൾടൈം ബെനിഫിറ്റ് ലഭിക്കുന്ന അധ്യാപകർ പാർട്ട്ടൈം തസ്തികയിലാണ് നിൽക്കുന്നത്. എന്നതിനാൽ രണ്ടു തസ്തികകളും തുല്യമല്ല. |
| (സി) ഫുൾടൈം ബെനിഫിറ്റ് തസ്തികയിലെ അധ്യാപകർക്ക് ഏതൊക്കെ സാഹചര്യങ്ങളിലാണ് ജി.പി.എഫ് ആനുകൂല്യം ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (സി) ഫുൾടൈം ബെനിഫിറ്റ് നേടിയ പാർട്ട്ടൈം ഭാഷാധ്യാപകർക്ക് പി.എഫ് അംഗത്വം നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) പാർട്ട്ടൈം വിത്ത് ഫുൾടൈം ബെനിഫിറ്റ് അധ്യാപകർക്ക് കമ്മ്യൂട്ടഡ് അവധി ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) അനുവദിച്ചിട്ടുണ്ട്. ഫുൾടൈം ബെനിഫിറ്റ് നേടിയ പാർട്ട്ടൈം ഭാഷാധ്യാപകർക്ക് ഫുൾടൈം അധ്യാപകരുടെ എല്ലാ അവധി ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. |

| | |
|---|---|
| (ഇ) ഏൾടൈം ബെനിഫിറ്റ് തസ്തികയിലെ അദ്ധ്യാപകന് മതിയായ യോഗ്യതകൾ ഉണ്ടെങ്കിൽ ഏൾടൈം തസ്തികയിലെ അധ്യാപകരോടൊപ്പം പ്രൊമോഷന് അർഹതയുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഇ) ഉണ്ട്. |

സെക്ഷൻ ഓഫീസർ